പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1012 — 29.09.2011 - ൽ മറുപടിയ്ക്ക്

# ഖരമാലിന്യ സംസ്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) | |
| (എ) | പരവൂർ നഗരസഭയിലെ പൂക്കുളം, കല്ലുംകുന്ന് എന്നീ സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള സുനാമി പുനരധിവാസ ഫ്ളാറ്റുകളിൽ എത്ര കുടുംബങ്ങളെയാണ് താമസിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (എ) | പരവൂർ മുനിസിപ്പാലിറ്റിയിൽ വരുന്ന പരവൂർ വില്ലേജിലെ പൂക്കുളം എന്ന സൈറ്റിൽ 248 വീടുകളും കല്ലുകുന്ന് എന്ന സൈറ്റിൽ 272 വീടുകളും നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | നിലവിൽ എത്ര കുടുംബങ്ങൾക്ക് താമസിക്കുന്നതിനുള്ള അനുമതിപത്രം നൽകിയിട്ടുണ്ട്; ശേഷിക്കുന്നവർക്ക് എന്നത്തേക്ക് അനുമതിപത്രം നൽകുവാൻ കഴിയും; | (ബി) | നിലവിൽ പൂക്കുളം സൈറ്റിലെ 248 വീടുകളും അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. കല്ലുകുന്ന് സൈറ്റിൽ നിർമ്മിച്ച വീടുകളിൽ അനുമതിപത്രം നൽകി വിതരണം ചെയ്യുന്നതിന്റെ സത്വര നടപടികൾ നടന്നുവരുന്നു. |
| (സി) | പ്രസ്തുത ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് ഖരമാലിന്യങ്ങൾ സംസ്കരിക്കുവാനോ മറവ് ചെയ്യുവാനോ സൗകര്യങ്ങളില്ലായെന്ന വിഷയം സംബന്ധിച്ച് നിവേദനം ലഭിച്ചിരുന്നുവോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ഖരമാലിന്യം സംസ്കരിക്കുന്നതിന് ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ? | (ഡി) | ഈ പദ്ധതിയ്ക്കുവേണ്ടി നീക്കിവച്ച ടി.ആർ.പി. ഫണ്ട് വിനിയോഗിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ആ യതിനാൽ ഇനിയും ടി.ആർ.പി. ഫണ്ട് ഇക്കാര്യത്തിന് വിനിയോഗിക്കുവാൻ നിർവാഹമില്ല. |

സെക്ഷൻ ആഫീസർ.